**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

---

വിഷയം:- ആവഡ-ജീവനക്കാര്യം-ശ്രീ.മുഹമ്മദ് ഇബ്രാഹിം ഖലീൽ പി.കെ,ക്ലിനിക്കൽ സൈക്കോളജിസ്റ്റ് -പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു

പരാമർശം:- 1.കത്ത് നം ജിമെആ കണ്ണൂർ/44/2025-എ5 തീയതി 14.1.2025
2. 21.3.2025 തീയതിയിലെ ഇതേ നം നോട്ടീസ്
3. 27.3.2025 തീയതിയിലെ താങ്കളുടെ മറുപടി

**ഉത്തരവ് നം: ഇജി1-6748/2025/ആവഡ തീയതി** 09-06-2025

---

ശ്രീ.മുഹമ്മദ് ഇബ്രാഹിം ഖലീൽ പി.കെ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ 7.10.2024 തീയതിയിൽ സേവനത്തിൽ പ്രവേശിക്കുകയും 10.10.2024 തീയതി മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ട് നിൽക്കുകയും ചെയ്തിരുന്നു. പരാമർശം 1 പ്രകാരം ടി വ്യക്തിയുടെ അനധികൃതാവധി ജില്ലാമെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം 2 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു, ടി തീരുമാനത്തിന് എതിരായി ടിയാൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. പരാമർശം 3 പ്രകാരം ശ്രീ.മുഹമ്മദ് ഇബ്രാഹിം ഖലീൽ പി.കെ മറുപടി ലഭ്യമാക്കിയിരുന്നെങ്കിലും അനധികൃതമായി അവധിയിൽ പ്രവേശിച്ചതിനും സേവനത്തിൽ ഹാജരാകാതെ തുടരുന്നതിനും അംഗീകരിക്കത്തക്ക യാതൊരു വാദവും ടിയാൻ ബോധിപ്പിച്ചിട്ടില്ല.

KS&SSR Part I Rule 2(10) പ്രകാരം ശ്രീ.മുഹമ്മദ് ഇബ്രാഹിം ഖലീൽ പി.കെ പ്രൊബേഷണർ തന്നെയാണ് . പ്രൊബേഷണറായ ടി വ്യക്തി

അനധികൃതമായിഹാജരാകാതിരിക്കുക വഴി ടിയാളുടെ **work and conduct** തൃപ്തികരമല്ല

മേൽ സാഹചര്യത്തിൽ **1958** ലെ കേരള സ്റ്റേറ്റ് ആൻഡ് സബോഡിനേറ്റ് സർവ്വീസ് റൂൾസിലെ **Part II** റൂൾ **19(a) (ii)** പ്രകാരം പ്രൊബേഷണറായ ശ്രീ.മുഹമ്മദ് ഇബ്രാഹിം ഖലീൽ പി.കെ യടെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാമെഡിക്കൽ ഓഫീസറും സ്ഥാപനമേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 09-06-2025 13:30:20

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

Sri.Muhammed Ibrahim P.K
Jasmine Mahal Padikkal
Velimukku South P.O
Malappuram -Kerala 676317

പകർപ്പ്:-

1.അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം
2.ജില്ലാമെഡിക്കൽ ഓഫീസർ(ആരോഗ്യം) കണ്ണൂർ
3..സൂപ്രണ്ട് ,ജില്ലാ ആശുപത്രി കണ്ണൂർ
4.സൂപ്രണ്ട്, ഇസി/ഇവി സെക്ഷൻ
5.ഫയൽ/സ്റ്റോക്ക് ഫയൽ